**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4557** **29-10-2021 - ൽ മറുപടിയ്ക്ക്**

**വനഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ സി ആർ മഹേഷ്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വനഭൂമിയിലെ കൈയ്യേറ്റവു മായി ബന്ധപ്പെട്ട് വിവിധ വനം ഡിവിഷനുകളിൽ കോടതിയിൽ വ്യവഹാരത്തിലുള്ള കേസു കളുടെ നടത്തിപ്പ് ത്വരിതഗതിയിൽ തീർപ്പാക്കു ന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. വനാതിർത്തി നിർണ്ണയിക്കാത്ത സ്ഥലത്ത് സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് ജണ്ടകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തർക്കമുള്ള സ്ഥലങ്ങളിൽ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി തർക്കം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ബി) | 2015 -ലെ കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കൈയേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | 2015-ലെ കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ 01.01.1977 ന് ശേഷമുള്ള കയ്യേറ്റക്കാരുടെ വിവരങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതും കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി നിയമപരമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) | വനം വകുപ്പിന്റെ കണക്കനുസരിച്ച് എത്ര ഏക്കർ വനഭൂമി കയ്യേറിയെന്നാണ് കോടതിയ്ക്ക് റിപ്പോർട്ട് നൽകിയത്; ഇതിൽ എത്ര ഏക്കർ വനഭൂമി തിരിച്ചെടുക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | 01.01.1977 നു ശേഷം 11917.8952 ഹെക്ടർ (29449.119 ഏക്കർ) വനഭൂമി കയ്യേറിയതായി ബഹു. ഹൈക്കോടതിയിൽ സർക്കാർ റിപ്പോർട്ട് നൽകിയിട്ടുള്ളതായി, വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്; ഇതിൽ 4628.5555 ഹെക്ടർ (11437.16 ഏക്കർ) വനഭൂമി തിരിച്ചെടുക്കാൻ സാധിച്ചതായും വിധിന്യായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30.06.2020 ലെ കണക്ക് പ്രകാരം 01.01.1977 ന് ശേഷം 8310.4842 ഹെക്ടർ വനഭൂമി കയ്യേറിയതായും ആയതിൽ 3286.298 ഹെക്ടർ ഭൂമി ഒഴിപ്പിച്ചിട്ടുള്ളതും ബാക്കി 5024.535 ഹെക്ടർ ഭൂമി ഒഴിപ്പിക്കേണ്ടതുള്ളതായും കണക്കാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | 2015 -ലെ കോടതി വിധി പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ? | (ഡി) | സർക്കിൾതല വനം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ അറിയിച്ച റിപ്പോർട്ട് പ്രകാരം 2015- ലെ കോടതി വിധി പൂർണ്ണമായും നടപ്പിലാക്കാൻ വിവിധ കാരണങ്ങളാൽ സാധിച്ചിട്ടില്ലാത്തതാണ്. വനഭൂമി കയ്യേറ്റ ക്കാരുടെ സംഘടിതമായ ചെറുത്തു നിൽപ്പും വിവിധ സംഘടന കളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും പ്രാദേശിക രാഷ്ട്രീയവും മതപരവുമായ ഇടപെടലും വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാകാതെ കിടക്കുന്ന കേസുകളും ഒക്കെത്തന്നെ കയ്യേറിയ വനഭൂമി തിരിച്ചു പിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ് |

സെക്ഷൻ ഓഫീസർ